പത്രക്കുറിപ്പ്

# കുപ്രസിദ്ധ മോഷ്ടാവ് തീവെട്ടി ബാബുവും കുട്ടാളിയും പിടിയിൽ

# കുട്ടിയുടെ മാല പിടിച്ചുപറിച്ച കേസിൽ ഒരാൾ പിടിയിൽ

# വീട്ടമ്മയെ കബളിപ്പിച്ച് 21 ലക്ഷം തട്ടിയ പ്രതികൾ പിടിയിൽ

തിരുവനന്തപുരം:- കുപ്രസിദ്ധാ മോഷ്ടാവ് തീവെട്ടി ബാബുവിനേയും കുട്ടാളിയെയും സിറ്റി പോലീസ് കമ്മീഷണറുടെ കീഴിലുള്ള ഷാഡോ ടീം പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

കേരളത്തിലുടനീളം നിരവധി മോഷണങ്ങൾ നടത്തിയിട്ടുള്ള കൊല്ലം ഉളിയനാട് വില്ലേജിൽ പൂതക്കുളം കുളത്തൂർ കോണം നന്ദു ഭവനിൽ തീവെട്ടി ബാബു എന്നു വിളിക്കുന്ന ബാബു (62), കുട്ടാളി കളിയിക്കവിള കോഴി വിളയിൽ അബ്ദുൾ റഫൂക്ക് (24) എന്നിവരെയാണ് പൂജപ്പുര പോലീസ് അറസ്റ്റ് ചെയ്തത്.



പിടിയിലായ
ബാബു @ തീവെട്ടി ബാബു (62)
അബ്ദുൾ റഫൂക്ക് (24)

പൂജപ്പുര അൻവർ ഗാർഡൻസിന് സമീപം ശ്രീ വീട്ടിൽ റിട്ടയേർഡ് ഐ.ആർ.എസ് ഉദ്യോഗസ്ഥൻ ശ്രീകുമാറിന്റെ വീട്ടിൽ നടന്ന മോഷണവുമായി ബന്ധപ്പെട്ട് നടന്ന അന്വേഷണത്തിലാണ് ഇവർ പിടിയിലായത്. ജൂലായ് 9-ാം തീയതി മുതൽ 3 ദിവസം വീട്ടിൽ ആളില്ലാ എന്നു മനസിലാക്കിയ മോഷ്ടാക്കൾ വീടിന്റെ വാതിൽ പൊളിച്ച് അകത്തു കയറി സ്വർണ്ണവും വിലപിടിപ്പുള്ള ഇലക്ട്രോണിക് ഉപകരണങ്ങളും ഉൾപ്പെടെ നാലു ലക്ഷം രൂപ വിലവരുന്ന സാധനങ്ങളാണ് മോഷ്ടിച്ചെടുത്തത്. തുടർന്ന് സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായയുടെ നിർദ്ദേശാനുസരണം പ്രത്യേക ഷാഡോ ടീം രൂപീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതികൾ വലയിലായത്.

ഇവരെ ചോദ്യം ചെയ്തതിൽ മാർച്ച് മാസത്തിൽ കോർപ്പറേഷൻ ഹെൽത്ത് വിഭാഗത്തിന്റെ മണക്കാടുള്ള സർക്കിൾ ഇൻസ്പെക്ടർ ഓഫീസിന്റെ ഗേറ്റ് പൊളിച്ച് അകത്ത് കടന്ന് ഓഫീസിൽ സൂക്ഷിച്ചിരുന്ന ആക്റ്റിവ സ്കൂട്ടർ മോഷണം ചെയ്തു കൊണ്ടു പോയതും, ആലപ്പുഴ തിരുവമ്പാടി മുല്ലാത്ത് തൈപറമ്പിൽ വീട്ടിൽ മുഹമ്മദ് റഫീക്കിൻറെ വീട്ടിൽ നിന്നും രണ്ടു ലക്ഷം രൂപ മോഷ്ടിച്ചതും ഇവരാണെന്ന് തെളിഞ്ഞിട്ടുണ്ട്. പ്രതികളെ കസ്റ്റഡിയിൽ വാങ്ങി കൂടുതൽ ചോദ്യം ചെയ്യുമെന്ന് കമ്മീഷണർ അറിയിച്ചു.

ഡി.സി.പി. ഡോ.വൈഭവ് സക്സേനയുടെ നേതൃത്വത്തിൽ കന്റോൺമെന്റ് എ.സി.പി അജിത്കുമാർ, സി.ബ്രാഞ്ച് എ.സി.പി അനിൽകുമാർ, പൂജപ്പുര ഇൻസ്പെക്ടർ റോജ് , എസ്.ഐ മാരായ അനൂപ് ചന്ദ്രൻ , യശോധരൻ എസ് പി. ഒ. ഹരി, സി.പി.ഒ പ്രശാന്ത്, ഷാഡോ എസ്.ഐ അരുൺ കുമാർ, എ.എസ്.ഐ സാബു, ഷാഡോ ടീം അംഗങ്ങൾ

എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണം നടത്തി പ്രതികളെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## തീവെട്ടി ബാബു അപകടകാരിയായ മോഷ്ടാവ്

ഇരുനൂറിലേറെ മോഷണങ്ങൾ നടത്തിയ തീവെട്ടി ബാബു അപകടകാരിയായ മോഷ്ടാവാണ്. ഇയാൾ വളരെ നാൾ മുമ്പ് വരെ ഒറ്റക്കാണ് മോഷണം നടത്തി വന്നിരുന്നത്. ഇയാളെ പിന്തുടർന്ന് പോലീസ് പിടിച്ചാൽ രക്ഷപ്പെടുന്നതിനായി അപകടം വരെ ഉണ്ടാക്കിയ നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇയാളിൽ നിന്ന് മോഷണ മുതലുകൾ കണ്ടെത്തുന്നതും വളരെ ദുഷ്കരമാണ്. മോഷണ മുതലുകൾ തിരികെ കൊടുക്കാൻ മടിച്ച് ഇയാൾ സ്വയം ശരീരത്തിൽ മുറിവുണ്ടാക്കിയ സംഭവങ്ങളും ധാരാളം ഉണ്ടായിട്ടുണ്ട്.

# കുട്ടിയുടെ മാല പിടിച്ചുപറിച്ച കേസിൽ ഒരാൾ പിടിയിൽ

തിരുവനന്തപുരം:- വിഴിഞ്ഞത്ത് 8 വയസുള്ള ആൺകുട്ടിയുടെ സ്വർണ്ണമാല പിടിച്ചുപറിച്ച മൂന്നംഗ സംഘത്തിലെ ഒരാളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പാറശാല ചെങ്കൽ കുംഭവിള പുത്തൻ വീട്ടിൽ ശ്രീരാഗ് (28) - നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.


വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത ശ്രീരാഗ് (28)

ജനവരി മാസത്തിലാണ് മോഷണം നടന്നത്. പ്രതി ഉൾപ്പെട്ട മൂന്നംഗ സംഘം ആട്ടോറിക്ഷയിൽ ഇൻസ്റ്റാൾമെന്റ് സാധനങ്ങൾ

വിൽക്കാനെന്ന വ്യാജേന മുല്ലൂർ സ്വദേശിനി പ്രീതയുടെ വീട്ടിൽ വരുകയും വീടിനു മുന്നിൽ നിൽക്കുകയായിരുന്ന കുട്ടിയുടെ കഴുത്തിൽ കിടന്ന ഒരു പവന്റെ സ്വർണ്ണമാല പൊട്ടിച്ചെടുത്ത് കടന്നു കളയുകയുമായിരുന്നു. പ്രതികൾ സഞ്ചരിച്ച ആട്ടോയുടെ നമ്പർ പോലും കിട്ടാതിരുന്ന ഈ കേസിൽ സംഭവസ്ഥലത്തു നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പോലീസ് നടത്തിയ അന്വേഷണത്തിലാണ് പ്രതിയെ ഇന്നലെ പിടികൂടിയത്. ഇയാളെ ചോദ്യം ചെയ്തതിൽ ലഭിച്ച സൂചനയുടെ അടിസ്ഥാനത്തിൽ മറ്റു പ്രതികളെ പിടികൂടാൻ അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്. വിഴിഞ്ഞം എസ്.എച്ച് ഒ പ്രജീഷ് ശശി, എസ്.ഐ മാരായ സമ്പത്ത്, വിനോദ്, സി.പി.ഒ മാരായ അജികുമാർ, കൃഷ്ണകുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## വീട്ടമ്മയെ കബളിപ്പിച്ച് 21 ലക്ഷം തട്ടിയ പ്രതികൾ പിടിയിൽ

തിരുവനന്തപുരം:- കെ.എസ്സ്.എഫ്.ഇ ൽ നിന്നും ഹോം ലോൺ ശരിയാക്കിക്കൊടുക്കാമെന്ന് പറഞ്ഞ് വീട്ടമ്മയുടെ വസ്തു ജാമ്യം വച്ച് 21 ലക്ഷം രൂപ തട്ടിച്ചെടുത്ത് മുങ്ങിയ പ്രതികളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. നെയ്യാറ്റിൻകര തൊഴുക്കൽ കൈ പുറത്ത് വീട്ടിൽ പ്രേംചന്ദ് (34), കാട്ടാക്കട കരിയംകോട് തോട്ടരികത്ത് വീട്ടിൽ അനിൽകുമാർ (23)



മെഡിക്കൽകോളേജ് പോലീസ് അറസ്റ്റ് ചെയ്ത പ്രേംചന്ദ് (34), അനിൽകുമാർ (33)

എന്നിവരെയാണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്.

2017-മുതലാണ് തട്ടിപ്പിന്റെ തുടക്കം. കെ.എസ്.എഫ്.ഇ എജെന്റുമാർ എന്ന് പരിചയപ്പെടുത്തി ആക്കുളം മുണ്ടനാട് കുന്നിൽ വീട്ടിൽ മിനിയെയാണ് പ്രതികൾ കബളിപ്പിച്ച് പണം തട്ടിയെടുത്തത്. ഹോം ലോൺ ശരിയാക്കി നൽകാമെന്ന് പറഞ്ഞ് വസ്തുവിന്റെ രേഖകൾ കൈവശപ്പെടുത്തിയ പ്രതികൾ കെ.എസ്.എഫ്.ഇ മെഡിക്കൽ കോളേജ് ബ്രാഞ്ചിൽ വീട്ടമ്മ അറിയാതെ ചിട്ടികൾ പിടിക്കുന്നതിന് ജാമ്യം വച്ചാണ് പലപ്പോഴായി 21 ലക്ഷത്തോളം രൂപ തട്ടിയെടുത്തത്. തട്ടിപ്പ് മനസിലാക്കിയ വീട്ടമ്മ 2019-ൽ കോടതിയിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയായിരുന്നു. ഒളിവിൽ കഴിഞ്ഞിരുന്ന പ്രതികളെ കുറിച്ച് കഴക്കൂട്ടം സൈബർ സിറ്റി എ.സി.പി ഹരികുമാറിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജ് എസ്.എച്ച്.ഒ ഹരിലാൽ, എസ്.ഐ മാരായ പ്രശാന്ത്, രതീഷ്, ഷജീം, എസ്.സി.പി.ഒ നൗഫൽ, സി.പി.ഒമാരായ വിനീത്, പ്രതാപൻ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## അറിയിപ്പ്

## മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ

തിരുവനന്തപുരം:- ഈ ഫോട്ടോയിൽ കാണുന്ന ഊരും പേരും തിരിച്ചറിഞ്ഞിട്ടില്ലാത്ത ഉദ്ദേശം 30 വയസ്സോളം പ്രായം തോന്നിക്കുന്ന അജ്ഞാത വ്യക്തി, 10-07-2021-ാം തീയതി പാപ്പനംകോട് എഞ്ചിനീയറിംഗ് കോളേജിനു സമീപം വച്ച്

അപകടത്തിൽ പരിക്കുപറ്റി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഐ.സി.യുവിൽ ചികിത്സയിൽ കഴിഞ്ഞുവരുന്നു. ഇയാളെക്കുറിച്ച് എന്തെങ്കിലും വിവരം ലഭിക്കുന്നവർ താഴെ കാണുന്ന ഫോൺ നമ്പരിൽ അറിയിക്കുവാൻ താൽപ്പര്യപ്പെടുന്നു.



കരമന പോലീസ് സ്റ്റേഷൻ:- 0471-2343534, 9497947120

തിരുവനന്തപുരം സിറ്റി
20-07-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി